# STD - VI

## അദ്ധ്യാപക സഹായി

## പാഠം മൂന്ന് വിശ്വസ്തനായ ജോസഫ് ഭാഗം - ഒന്ന്

### ലക്ഷ്യം

ദൈവത്തിൽ ആശ്രയിക്കുന്നവരെ ദൈവം ഒരിക്കലും കൈവിടുകയില്ല. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് പാപം ചെയ്യാതെ മറ്റുള്ളവർക്ക് നന്മ ചെയ്തു ജീവിക്കും.

### പഠന സഹായികൾ

* വചനം: ഉൽപ. 37:2-11, ഉൽപ. 41:41, റോമ. 8:28
* ബൈബിളിലെ മൂന്ന് ജോസഫ്മാരുടെ ചിത്രം - (1) ഈശോയുടെ വളർത്തു പിതാവായ ജോസഫ് (2) പൂർവ്വപിതാവായ യാക്കോബിന്റെ മകൻ ജോസഫ് (3)യേശുവിനെ സംസ്കരിച്ച അരിമത്തിയാക്കാരനായ ജോസഫ്
* വീഡിയോ - സ്വപ്നക്കാരനായ ജോസഫ് - യൂട്യൂബ്

### പാഠത്തിന്റെ ഉള്ളടക്കം

* പൂർവപിതാക്കന്മാരായ അബ്രാഹവും ഇസഹാക്കും യാക്കോബും
* യാക്കോബിന്റെ 12 മക്കളിൽ ഇളയവനായ ജോസഫ്
* യാക്കോബ് ജോസഫിനെ മറ്റു മക്കളെക്കാളധികം സ്നേഹിച്ചതുകൊണ്ട്, സഹോദരന്മാർ ജോസഫിനെ വെറുക്കുന്നു.
* അസൂയ നിമിത്തം, സഹോദരന്മാർ ജോസഫിനെ കൊല്ലാൻ ശ്രമിക്കുകയും പിന്നീട് ഈജിപ്തിലേക്ക് പോയ കച്ചവടസംഘത്തിന് വിൽക്കുകയും ചെയ്യുന്നു.
* ഈജിപ്തിലെ ഫറവോയുടെ ഉദ്യോഗസ്ഥൻ പൊത്തിഫർ ജോസഫിനെ അടിമയായി വാങ്ങുന്നു.
* പൊത്തിഫറിന്റെ ഭാര്യ പാപം ചെയ്യാൻ ജോസഫിനെ നിർബന്ധിക്കുന്നു.
* ദൈവഭയമുള്ളവനായ ജോസഫ് പാപം ചെയ്യാത്തതുകൊണ്ട് കാരാഗൃഹത്തിലടയ്ക്കപ്പെടുന്നു. ദൈവം ജോസഫിനോടൊപ്പം ഉണ്ടായിരുന്നു.
* സ്വപ്നക്കാരനായ ജോസഫ്, ഫറവോയുടെ സ്വപ്നം വ്യാഖ്യാനിച്ചുകൊടുക്കുന്നു.
* ജോസഫിനെ ഈജിപ്തിന്റെ മുഴുവൻ അധിപനാക്കുന്നു.

### പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, പാപസാഹചര്യങ്ങളിൽനിന്നും എന്നെ അകറ്റി എപ്പോഴും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ജീവിക്കുവാൻ എന്നെ പ്രാപ്തനാക്കണമേ.

**ചോദ്യങ്ങൾ**

1. പൂർവപിതാക്കന്മാർ ആരെല്ലാമാണ്?
2. സ്വപ്നക്കാരനായ ജോസഫിന്റെ പിതാവ് ആര്?
3. ജോസഫിനെ കാരാഗൃഹത്തിൽ അടയ്ക്കാൻ കാരണമെന്ത്?
4. എങ്ങനെയാണ് ജോസഫ് ഈജിപ്തിന്റെ ഭരണാധികാരിയായത്?
5. ആരാണ് ജോസഫിനെ ഈജിപ്തിന്റെ മുഴുവൻ അധിപനാക്കിയത്?

# STD - VI

## അദ്ധ്യാപക സഹായി

## പാഠം - മൂന്ന് വിശ്വസ്തനായ ജോസഫ് ഭാഗം - രണ്ട്

### ലക്ഷ്യം

തന്നെ ദ്രോഹിച്ച സഹോദരനോട് ആത്മാർത്ഥമായി ക്ഷമിച്ച ജോസഫ്, ശത്രുക്കളെ സ്നേഹിക്കാൻ നമ്മെ പഠിപ്പിച്ച ഈശോയുടെ പ്രതിരൂപമാണ്. തങ്ങളെ ദ്രോഹിക്കുന്ന വരോട് ക്ഷമിച്ചുകൊണ്ട്, എല്ലാവരെയും സഹായിച്ചുകൊണ്ട് സ്നേഹത്തിൽ ജീവിക്കും

### പഠനസഹായി

* വചനം - ഉൽപ. 43:2-10, ഉൽപ. 45:5
* വീഡിയോ - സ്വപ്നക്കാരനായ ജോസഫ്

### പാഠത്തിന്റെ ഉള്ളടക്കം

* ജോസഫ് മുന്നറിയിപ്പ് നൽകിയതുപോലെ ദേശത്തെല്ലാം കഠിന ക്ഷാമം ഉണ്ടായി
* ഈജിപ്തിൽ ജോസഫിന്റെ നിർദ്ദേശപ്രകാരം ധാന്യം ശേഖരിച്ചുവച്ചു.
* ഈജിപ്തിലേക്ക് ധാന്യത്തിനായി വരുന്ന യാക്കോബിന്റെ മക്കൾ
* ജോസഫിന്റെ സ്വയം വെളിപ്പെടുത്തൽ
* തന്നെ ദ്രോഹിച്ച സഹോദരരോട് നിരുപാധികം ക്ഷമിച്ച ജോസഫ്
* യാക്കോബിനെയും മക്കളെയും ഈജിപ്തിലേക്ക് കൂട്ടിക്കൊണ്ടുവരുന്നു.

### പ്രാർത്ഥന

എന്റെ ദൈവമേ, എന്നെ ദ്രോഹിക്കുന്നവരോടും, എന്നോട് തെറ്റു ചെയ്യുന്നവരോടും ആത്മാർത്ഥമായി ക്ഷമിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

### ചോദ്യങ്ങൾ

1. ഈജിപ്തിലെ ഭരണാധികാരി ജോസഫ് ആണെന്നറിഞ്ഞ് ഭയപ്പെട്ട സഹോദരരോട് ജോസഫ് എന്താണ് പറഞ്ഞത്?
2. ദേശത്തുണ്ടാകാൻ പോകുന്ന ക്ഷാമത്തെ നേരിടാൻ ജോസഫ് എന്താണ് ചെയ്തത്?
3. ജോസഫിന്റെ ജീവിതം നമുക്ക് എന്തു മാതൃക നൽകുന്നു?
4. ഈജിപ്തിലേക്ക് ധാന്യത്തിനായി വന്ന സഹോദരന്മാരോട് ജോസഫ് എങ്ങനെയാണ് പെരുമാറിയത്?
5. ജോസഫിന്റെ ഗുണവിശേഷങ്ങൾ എഴുതുക.